# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3698** **15.05.2017 ൽ മറുപടിയ്ക്ക്**

### ഐ.ഇ.ഡി.റിസോഴ്സ് ടീച്ചർമാർക്ക് ആനുകൂല്യങ്ങൾ

**ചോദ്യം**

ശ്രീ. എം.രാജഗോപാലൻ

**ഉത്തരം**

പ്രൊഫ സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) വിദ്യാഭ്യാസ മേഖലയിൽ 10 വർഷം മുതൽ 18 വർഷം വരെ ജോലിചെയ്തുവരുന്ന ഐ.ഇ.ഡിറിസോഴ്സ് ടീച്ചർമാർക്ക് ജോലി സ്ഥിരത ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ നടപടികൾ ഉണ്ടാകുമോ ;

ബി) 10 വർഷം മുതൽ 18 വർഷം വരെ സർവ്വീസുള്ള , സർക്കാർ ജോലി ലഭിക്കുന്നതിനുള്ള പ്രായപരിധി കഴിഞ്ഞ 150 ഓളം വരുന്ന റിസോഴ്സ് ടീച്ചർമാരെ സർവ്വീസ് ആനുകൂല്യങ്ങൾ നൽകി സ്ഥിരപ്പെടുത്താൻ നടപടികൾ ഉണ്ടാകുമോ?

(എ) യും (ബി) യും

ഐ.ഇ.ഡി.സി/ഐ.ഇ.ഡി.എസ്.എസ്.എന്നിവ കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി കരാർ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് റിസോഴ്സ് ടീച്ചേഴ്സിന് നിയമനം നൽകിയിട്ടുള്ളത്. ഐ.ഇ.ഡിസി/ ഐ.ഇ.ഡി.എസ്.എസ്.റിസോഴ്സ് അദ്ധ്യാപകർ പൂർണ്ണമായും ഓരോ അക്കാദമിക വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരാണ്. കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് സ്ഥിര നിയമനം നൽകാൻ ഉതകുന്ന വിധത്തിൽ സർക്കാർ ഉത്തരവുകളോ നിയമ വ്യവസ്ഥയോ ഇല്ല കൂടാതെ ,

താത്കാലിക നിയമനം നൽകിയിട്ടുള്ളവരെ സ്ഥിരപ്പെടുത്തരുതെന്നുള്ള ബഹു.സുപ്രീംക്കോടതി ഉത്തരവും നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ